തുടർന്ന് തിരുവനന്തപുരം ജില്ലയിൽ ജോലിക്ക് ചേരുന്നതിനായി, കണ്ണൂർ ജില്ലയിൽ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. അരുൺകുമാർ വിടുതൽ സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച് വിജിലൻസ് ഡിപ്പാർട്ട്മെന്റ് അന്വേഷണം നടത്തി, മേൽ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിലേക്ക് റിപ്പോർട്ട് അയച്ചുതന്നിട്ടുണ്ട്. അതിൻമേൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) ഇല്ല.

(ഇ) സ്പോർട്ട്സ് ജോയിന്റ് ഡയറക്ടർ റിട്ടയർ ചെയ്ത ഒഴിവിൽ മറ്റൊരാളെ നിയമിക്കുന്നതുവരെ താൽക്കാലിക ചുമതല മാത്രമാണ് ശ്രീ. അരുൺ കുമാറിന് നൽകിയിട്ടുള്ളത്.

പാരലൽ കോളേജുകളെ ഓപ്പൺ സ്കൂൾ സ്റ്റഡി സെന്ററാക്കാൻ പരിഗണന

60 [2278] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂളുകളുടെ സ്റ്റഡി സെന്ററുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളെയല്ലാതെ സ്വകാര്യ സ്ഥാപനങ്ങളെ ഇതിനകം സ്റ്റഡി സെന്ററുകളായി തെരഞ്ഞെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഓപ്പൺ സ്കൂളിന്റെ സ്റ്റഡി സെന്ററുകൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകാൻ സർക്കാരിന് പരിപാടിയുണ്ടോ;

(ഡി) എങ്കിൽ ഏറ്റവും കുറഞ്ഞ ചെലവിൽ കാര്യക്ഷമമായി ദശാബ്ദങ്ങളായി ഈ രംഗത്ത് പ്രവർത്തിച്ചു വരുന്ന പാരലൽ കോളേജുകളെ ഇക്കാര്യത്തിൽ പരിഗണിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) സർക്കാർ സ്കൂളുകൾ മാത്രമേ സ്റ്റഡി സെന്ററുകളായി തെരഞ്ഞെടുക്കാറുള്ളൂ. ഓരോ അദ്ധ്യയന വർഷവും വിദ്യാർത്ഥികളുടെ ആവശ്യപ്രകാരവും സ്റ്റഡി സെന്ററിലെ വിദ്യാർത്ഥികളുടെ എണ്ണവും അടിസ്ഥാനമാക്കി പുതിയ സെന്ററുകൾ അനുവദിക്കാറുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly